# <u>പരാതി അദാലത്ത്</u>

ഇടുക്കി ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ് അവർകളുടെ എസ്.സി/എസ്.റ്റി കോളനി സന്ദർശനവും പരാതി പരിഹാര അദാലത്തും കട്ടപ്പന പോലീസ് സ്റ്റേഷൻ പരിധിയിലെ കോഴിമല കോളനിയിൽ വെച്ച് 08.11.2016 തീയതി വൈകിട്ട് 04.00 മണിമുതൽ നടത്തുകയുണ്ടായി . മുഖ്യാതിഥി കോഴിമല രാജാവ് ശ്രീ.രാമൻ രാജമന്നൻ സന്നിഹിതനായിരുന്നു,




കാഞ്ചിയാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ മാത്യൂ ജോർജ്ജ്, അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കട്ടപ്പന ഡി.വൈ.എസ്സ്.പി ശ്രീ. എൻ.സി രാജ്മോഹൻ, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്സ്.പി ശ്രീ. വി എൻ സജി, കാഞ്ചിയാർ പഞ്ചായത്ത് മെംബർമരായ ശ്രീമതി. ഇന്ദു സാബു, ശ്രീ. വി ആർ ശശി, എസ് സി പ്രൊമോട്ടറായ ശ്രീമതി ബിന്ദു, സീനിയർ സിറ്റിസൺ ഫോറം പ്രസിഡൻറ് ശ്രീ. പത്രോസും മറ്റ് ജനപ്രതിനിധികളും ആശംസകള് നേർന്നു.

കട്ടപ്പന പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ ടി സി. മുരുകൻ സ്വാഗതം ആശംസിച്ച അദാലത്തിൽ ഏകദേശം മുന്നൂറോളം ആൾക്കാർ പങ്കെടുത്തു. ലഭിച്ച നിരവധി പരാതികൾ സ്ഥലത്തു തന്നെ തീർപ്പാക്കിയിട്ടുള്ളതാണ്. കാൻസർ ബാധിച്ച് കാൽ മുറിച്ചു മാറ്റപ്പെട്ടയാളുടെ വീട്ടിലെത്തി ഇടുക്കി ജില്ലാ പോലീസ് മേധാവി 2500 രൂപയുടെ സഹായവും കൈമാറി വൈകി 06.30 മണിക്ക് അദാലത്ത് അവസാനിച്ചു.